## വിധവകൾക്കുള്ള ധനസഹായ പദ്ധതി

46 [1630] ശ്രീമതി എൻ. കെ. രാധ:
ശ്രീ. ടി. ചാത്തു:
,, പാച്ചേനി കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിധവകൾക്ക് പെൺമക്കളെ വിവാഹം കഴിപ്പിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയനുസരിച്ച് എന്തു തുകയുടെ ധനസഹായമാണ് നൽകിവരുന്നത്;

(ബി) പ്രസ്തുത തുക വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതിനായി 1994-95, 1995-96 വർഷങ്ങളിൽ എത്ര അപേക്ഷ ലഭിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) എത്ര അപേക്ഷകർക്ക് പ്രസ്തുത വർഷങ്ങളിൽ ഈ പദ്ധതി പ്രകാരം ധനസഹായം നൽകിയിട്ടുണ്ട്;

(ഇ) ഇതിനായി പ്രസ്തുത വർഷങ്ങളിൽ നീക്കിവച്ച തുക എത്രയാണെന്നും ചെലവഴിച്ച തുക എത്രയാണെന്നും വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) രണ്ടായിരം (2000) രൂപ.

(ബി) 20-6-1995-ലെ സർക്കാർ ഉത്തരവ് (എം. എസ്.) 22/95/സാ.ക്ഷേ.വ.അനുസരിച്ച് സാമ്പത്തികസഹായം 1250 രൂപയിൽ നിന്നും 2000 രൂപയായി വർദ്ധിപ്പിച്ചു. ഈ തുക ഉടനെതന്നെ വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(സി, ഡി) വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

(ഇ) 1994-95-ൽ 115 ലക്ഷം രൂപ നീക്കിവച്ചിരുന്നതിൽനിന്നും 107.8 ലക്ഷം രൂപ ചെലവഴിച്ചു. 1995-96-ലെ പ്രൊവിഷൻ 100 ലക്ഷം രൂപയാണ്. ചെലവഴിച്ച തുക സംബന്ധിച്ച വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

## സാങ്കേതിക വിദ്യാഭ്യാസം ലഭിച്ച യുവതികൾക്ക് തൊഴിൽ സാദ്ധ്യത

47 [1631] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസം ലഭിച്ച യുവതികൾക്ക് തൊഴിൽ സാദ്ധ്യത ഉറപ്പുവരുത്തുന്നതിനായി സാമൂഹ്യക്ഷേമ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതനുസരിച്ച് എന്തൊക്കെ പരിശീലന പരിപാടികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly